# അതീന്ദ്രിയ മനസിന്റെ വികൃതി

? പി ജി വിദ്യാർത്ഥിനിയായ എന്റെ എഴുത്ത്, പ്രായമായ ഉമ്മാമയെ പറ്റിയുള്ള ദുഃഖമാണ്. ഞാനെന്നല്ല വീട്ടുകാർ മുഴുവനും ഉമ്മാമ യുടെ കാര്യത്തിൽ വളരെയേറെ വിഷമത്തിലാണ്.

ഉമ്മാമക്ക് കുറച്ച് വർഷങ്ങളായി സ്ഥിരം വയറുവേദനയായിരുന്നു. ആ സമയത്ത് വയർ വീർത്ത് വലുതയി വരും. Spasmo Proxyvon എന്ന ഗുളികയായിരുന്നു വയറുവേദനക്ക് കഴിച്ചിരുന്നത്. ആദ്യമൊക്കെ ഒരു ദിവസം ഒരു ഗുളിക വീതമാണ് കഴിച്ചിരുന്നതെങ്കിലും പിന്നീട് ദിവസവും നാലോ അഞ്ചോ ഗുളിക കഴിക്കാൻ തുടങ്ങി. പകൽ നന്നായി ഉറങ്ങുമായി രുന്നെങ്കിലും രാത്രി ഉറക്കമില്ലാതെ കരഞ്ഞിരിക്കുകയായിരിക്കും. ചില സമയത്ത് തലവേദന, പല്ലുവേദന എന്നൊക്കെ പറഞ്ഞ് വീണ്ടും വീണ്ടും ഗുളികയെടുത്ത് കഴിക്കാൻ തുടങ്ങി. ഗുളിക കയ്യിൽ കിട്ടിയാൽ തന്നെ ഉമ്മാമയുടെ അസുഖം പമ്പ കടക്കും. അതുകിട്ടിയില്ലെങ്കിൽ കുട്ടികളെ പോലെ കരയും.

കുറെ ഡോക്ടർമാരെക്കൊണ്ട് പരിശോധിപ്പിച്ചു. അവരൊക്കെയും ഉമ്മാമക്ക് വയറിൽ ഒരസുഖവും ഇല്ലെന്ന് പറയുന്നു. മറ്റേത് ഗുളികയും മരുന്നും കഴിച്ചാലും പ്രസ്തുത ഗുളിക കിട്ടാതെ സ്വസ്ഥതയുണ്ടാവില്ല. പകൽ സമയം ഉറങ്ങണമെങ്കിലും ഈ ഗുളിക തന്നെ കിട്ടണം. പല നാട ൻചികിത്സകളും ജോത്സ്യന്മാരെക്കൊണ്ടുള്ള പണികളും നടത്തി യെങ്കിലും ഇന്നും ഉമ്മയുടെ കരച്ചിലും ഗുളികക്ക് വേണ്ടിയുള്ള ഭീഷണി യും നിലനിൽക്കുന്നു.

ഈയിടെ ഒരു ദിവസം, പാതിരാത്രി ഞങ്ങളെല്ലാം ഉറങ്ങുന്ന സമയം. ഉമ്മാമ കിണറ്റിൽ വീണു. കാലിനൊന്നും തീരെ ശക്തിയില്ലാത്ത ഉമ്മാമ യെങ്ങനെ കിണറ്റിൻ കരയിലെത്തി എന്നറിയില്ല. ശബ്ദം കേട്ട്ചെന്ന പ്പോൾ കണ്ടത് നിറയെ വെള്ളമുള്ള കിണറ്റിൽ വെള്ളത്തിനുമുകളിൽ ഉമ്മാമ മലർന്നു കിടക്കുന്നതാണ്. ഉടനെ എടുത്തുനോക്കുമ്പോൾ ഒരു തുള്ളിവെള്ളം കുടിക്കുകയോ ഒരു തരത്തിലുള്ള ക്ഷീണമോ ഉമ്മാമ

ക്കില്ലായിരുന്നു. സാധാരണ ഗതിയിൽ ഇതുപോലുള്ള വീഴലിന് ഉമ്മാമ ജീവിച്ചിരിക്കാൻ സാധ്യതയില്ല. പിന്നെങ്ങനെ സ്വാധീനമില്ലാത്ത നല്ല ഭാരമുള്ള ഉമ്മയെ നമുക്ക് തിരിച്ചുകിട്ടി. അതിനുശേഷം............യിലുള്ള ഒരു മനോ രോഗ ഡോക്ടറെ കാണിച്ചു. കുറച്ചു ദിവസങ്ങളിൽ മാത്രം ചെറിയൊരു മാറ്റമുണ്ടായി എന്നതല്ലാതെ, ഇപ്പോഴും ഉമ്മാമ പഴയപടിയിൽ തന്നെ യാണ്. എപ്പോഴും പ്രസ്തുത ഗുളികക്ക് വേണ്ടി കരയുന്നു.

കിണറ്റിൽ വീണ ഉമ്മാമ എങ്ങനെ രക്ഷപ്പെട്ടുവെന്ന് ആലോചിക്കുമ്പോൾ ഇപ്പോഴും ഒരു പിടിയും കിട്ടുന്നില്ല. ഇതുവല്ല മാനസികരോഗവുമാണോ? അതോ...? ഇനി ഉമ്മാമയെ മാറ്റിയെടുക്കാൻ പറ്റുമോ?

—എസ്. കെ. കെ. മട്ടന്നൂർ.

എനിക്കരികിൽ ചികിത്സ തേടിയെത്തിയ ഒരു സ്ത്രീയെ പരിചയപ്പെടുത്താം. ജന്മനാ ഒരു കാലിന് വൈകല്യവും സ്വാധീനക്കുറവുമുള്ളവളാണവൾ. മുടന്തിക്കൊണ്ടാണ് നടക്കുക. പ്രയാസമുള്ള കാര്യങ്ങളിലെല്ലാം പരസഹായം വേണം. ഒരു ദിവസം രാവിലെ ആ യുവതി അഞ്ചുകോൽ താഴ്ചയുള്ള കിണറ്റിൽ ഇറങ്ങി നിൽക്കുന്നതായി കണ്ടു. വീട്ടുകാർ പരിഭ്രാന്തരായി. വേഗം കരക്കു കയറ്റി. അവൾക്ക് മുറിവോ മറ്റു പോറലുകളോ ഒന്നും സംഭവിച്ചിരുന്നില്ല.

വീട്ടുകാർ ഈ സംഭവം അത്ര കാര്യമാക്കിയില്ല. പക്ഷെ പലപ്രാവശ്യം പിന്നെയും അവളെ കിണറ്റിൽ കാണപ്പെട്ടു. എന്തിനാണ് കിണറ്റിലിറങ്ങുന്നതെന്ന് അവൾക്കും അറിയില്ല. സ്വാഭാവികമായും ഇതിലെന്തോ പൈശാചികതയുണ്ടെന്ന് വീട്ടുകാർ സംശയിച്ചു. അതിന് വേണ്ട ചികിത്സകളും നടത്തി. ദിവസങ്ങൾക്കു ശേഷം വീണ്ടും ഒരു സംഭവമുണ്ടായി. നട്ടുച്ചനേരം, അംഗവൈകല്യമുള്ള ഈ സ്ത്രീ കോണിയുടെയോ മറ്റോ സഹായമില്ലാതെ പുരപ്പുറത്ത് കേറിയിരിക്കുന്നു. എങ്ങനെ ഓട്ടിൻ പുറത്തെത്തിയെന്ന് അവൾക്ക് പോലും അറിഞ്ഞുകൂട.

ഇതുപോലൊരു സംഭവം തന്നെയാണല്ലോ നിങ്ങളുടെ ഉമ്മാമയിലും ഉണ്ടായത്. ഇതിൽ പൈശാചികതയോ ബാധയോ ഇല്ല. മനസിന്റെ ഒളിച്ചുകളിമൂലം സംഭവിക്കുന്ന ഒരുതരം 'ഹിസ്റ്റീരിയ' രോഗത്തിന്റെ ഭാഗമാണിത്. അസുഖം മൂലമുണ്ടാവുന്ന ഒരു പ്രത്യേക തരം മാനസികാ വസ്ഥയാണു കിണറ്റിലിറങ്ങാനും വെള്ളത്തിനുമുകളിൽ മലർന്നു കിടക്കാനും ഇവരെ സഹായിക്കുന്നത്.



മനുഷ്യമനസിൽ 5% ബോധമനസും 95% ഉപബോധ മനസുമാണെന്നാണ് പറയപ്പെടുന്നത്. കേവലം 5% ബോധമനസിനെ ഉപയോഗപ്പെടുത്തിയാണ് മനുഷ്യ ജീവിതം. ജനനം മുതൽ മരണം വരെയുള്ള ജീവിത വ്യവഹാരത്തിൽ ഇത്ര മാത്രം ബോധമനസ്സേ ഉപയോഗി ക്കപ്പെടുന്നുള്ളൂ. അതുപയോഗിച്ച് തന്നെ മനുഷ്യൻ വിസ്മയങ്ങളുടെ മായിക ലോകമായ കമ്പ്യൂട്ടർ സ്പെയ്സും, ഇന്റർനെറ്റുമെല്ലാം കണ്ടുപിടിക്കാനായെങ്കിൽ അതിനെത്രമാത്രം ശക്തിയുണ്ട്. എങ്കിലും മനുഷ്യൻ 5%ലും താഴെ മാത്രമേ മനസിനെ ഉപയോഗപ്പെടുത്തുന്നുള്ളൂ. ബാക്കിയെല്ലാം ദുരുപയോഗപ്പെടുത്തുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുന്നു.

കുറഞ്ഞ ശതമാനം ബോധമനസിനെ ഉപയോഗപ്പെടുത്തി മനുഷ്യന് പലതും ചെയ്യാൻസാധിക്കുമെന്നിരിക്കെ, അവനിൽ തന്നെയുള്ള ഉപബോധമനസിന്റെ സഹായം കൂടെയുണ്ടെങ്കിൽ ആ കഴിവിനെ നിർവചിക്കാനാവില്ല. അതീന്ദ്രിയ ശക്തി എന്നുനാം വിശേഷിപ്പിക്കുന്നത് ഉപബോധ മനസിനെ ഉപയോഗപ്പെടുത്തുമ്പോഴാണ്. മുമ്പ് പറഞ്ഞ ശതമാനത്തിലാണ് മനസിന്റെ സമതുലനാവസ്ഥ നിലകൊള്ളുന്നത്. ആ ബാലൻസ് തെറ്റുമ്പോൾ ശരീരത്തിൽ എന്തുസംഭവിക്കുന്നുവെന്ന് മനസിന് പോലും അറിയാതെ വരും. മനസും ശരീരവും യോജിച്ച് നടത്തുന്ന സംഗതികളിൽ വിഘ്നം സംഭവിക്കുമ്പോൾ മറ്റു ചില കഴിവുകൾ ശരീരത്തിൽ ശക്തിയാർജിച്ചേക്കാം.

സ്ത്രീകളിലും കുട്ടികളിലും മാത്രം കണ്ടുവരുന്ന മനോഞരമ്പു രോഗം (Psycho neurotic) മാണിത്. മാനസിക വളർച്ച പൂർണത പ്രാപിച്ചിട്ടില്ലാത്ത അപൂർവം പുരുഷന്മാരിലും ഇതുകണ്ടേക്കാം. മാനസിക പ്രതിരോധശേഷിയുടെ കുറവും ബുദ്ധിമാന്ദ്യതയുമാണ് ഇതിന്റെ പ്രധാന കാരണമെന്ന് പറയാം. അസംതൃപ്ത മനസുകളെയാണിത് വേഗത്തിൽ പിടികൂടുക. പരിഹരിക്കപ്പെടാനാവാത്ത മാനസിക വ്യഥകൾ ശരീരത്തിലെ വിവിധ അഭിനയത്തിലൂടെയും രോഗത്തിലൂടെയും പ്രത്യക്ഷപ്പെടുകയാണിവിടെ.

ഇത്തരം ഒരു പരിവർത്തനമാണ് നിങ്ങളുടെ ഉമ്മാമയിൽ സംഭവിച്ചത്. പരിഹരിക്കപ്പെടാനാവാത്ത എന്തോ ചില പ്രശ്നങ്ങൾ അവരുടെ മനസിൽ കലങ്ങിമറിഞ്ഞിരിക്കും. അന്നേരം ബോധമനസ്സ് അപ്രത്യക്ഷമായി ഉപബോധമനസ്സ് രംഗം കയ്യടക്കുന്നു. ബോധമനസ്സ് പ്രവർത്തന രഹിതമാവുമ്പോൾ താൻ ചെയ്യുന്നതെന്താണെന്ന് അവർക്ക് നിശ്ചയമുണ്ടാവില്ല. ഇങ്ങനെയൊരവസ്ഥയിലാണ് ഹിസ്റ്റീരിയ പ്രത്യക്ഷപ്പെടുന്നതും കിണറ്റിൽ ചാടുന്നതുമെല്ലാം.

വയറുവേദന, ഉറക്കമില്ലായ്മ, തലവേദന, ഛർദ്ദി, ഉച്ചത്തിലുള്ള ഓക്കാനം, ചുമ, വയറുസ്തംഭനം, ശ്വാസം പിടിച്ചുനിൽക്കുക. കൈകാൽ തളർച്ച, കണ്ണുകൾക്ക് ഭീകരരൂപം കൈവരൽ തുടങ്ങിയവയെല്ലാം ഈ രോഗത്തിന്റെ ലക്ഷണങ്ങളിൽപെടും. വില്ലുപോലെ വളയുക, രാത്രിയിൽ എഴുന്നേറ്റ് നടക്കുക, ക്ഷീണം അകാരണമായ ഭയം. സംശയം. കഥകളിലും മറ്റുംനാം കേൾക്കാറുള്ള പ്രേതബാധയേറ്റവരെ പോലെ പെരുമാറുക മുതലായവയും ഇത്തരം രോഗികളുടെ സ്വഭാവത്തിൽപെടും.

ഉമ്മാമ വിളിച്ചുപറയുകയും കാണിക്കുകയും ചെയ്യുന്ന വയറുവേദന, ഉറക്കമില്ലായ്മ തുടങ്ങിയ കാരണങ്ങളെപ്പറ്റി അന്വേഷിക്കുകയും അവക്കു വേണ്ടി ചികിത്സിക്കുകയും ചെയ്യാതെ രോഗത്തിന്റെ മൂലകാരണം കണ്ടെത്തി ചികിത്സിക്കുകയാണ് ഹിസ്റ്റീരിയക്കുള്ള പ്രതിവിധി. രോഗാരംഭത്തിൽ തന്നെ ഇതുകണ്ടെത്തിയിരുന്നെങ്കിൽ രോഗം പെട്ടെന്ന് സുഖമായേനെ. ഉമ്മാമയിൽ ഈ രോഗം വർത്തിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും നിരാശപ്പെടേണ്ടതില്ല. ഇനിയും ചികിത്സ തുടങ്ങാവുന്നതാണ്. അതിന് പ്രഗൽഭനായൊരു മനഃശാസ്ത്രജ്ഞന്റെ സഹായം തേടുക.

ഒരു വസ്തു തുടരെത്തുടരെ ഉപയോഗിക്കുമ്പോൾ അതിനടിമപ്പെടുകയും അതിനോട് വെറുപ്പ് തോന്നുകയും ചെയ്യുന്ന രണ്ടവസ്ഥകൾ മനസിനുണ്ട്. മനസിന് ആനന്ദകരമായ സംഗതിയാവുമ്പോഴാണ് അടിമപ്പെടൽ സംഭവിക്കുന്നത്. അതുപോലെ ചിലർ മരുന്നുകൾക്ക് അടിമപ്പെടും. (Drug Adiction) മയക്കുമരുന്നാസക്തി വളർന്നുവരുന്നത് പോലെ തന്നെയാണ് ഇതും. ഹിസ്റ്റീരിയ രോഗികളിൽ മരുന്നിനടിമപ്പെടാനുള്ള സാധ്യത വളരെവളരെ കൂടുതലാണ്. അപകടകാരികളായ ,മരുന്നുകൾ ഒഴിവാക്കിക്കൊണ്ടുള്ള മനഃശ്ശാസ്ത്ര ചികിത്സയാണിതിന് വേണ്ടത്.

ഉമ്മാമ (Drug Adiction)ന് വിധേയായിട്ടുണ്ടെന്ന് കത്തിൽ നിന്നും വ്യക്തമായി. അതുകൊണ്ടാണ് വീണ്ടും വീണ്ടും പ്രസ്തുത ഗുളികക്ക് വേണ്ടി വാശിപിടിക്കുകയും കരയുകയും ചെയ്യുന്നത്. ഉറക്കമില്ലായ്മയും ഇതുമൂലമാവാം. അമിതമായ മരുന്നുപ്രയോഗം ശരീരത്തിന് ഹാനികരമാവുമെന്നറിയാമല്ലോ- ഈ ശീലവും ഹിസ്റ്റീരിയ രോഗവും മാനസികാപഗ്രഥനത്തിലൂടെയും, നിരന്തര സൈക്കോളജിക്കൽ ട്രീറ്റ്മെന്റിലൂടെയും സുഖപ്പെടുത്തിയെടുക്കാം. ഇനിയെങ്കിലും വൈകിക്കാതെ മനഃശാസ്ത്രജ്ഞനെ കാണിക്കുക.